**പതിനാലാം കേരള നിയമസഭ**
പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** — **18.06.2018-ന് മറുപടിയ്ക്ക്**
നിയമസഭാ ചോദ്യം നം. 2762

## സ്കൂളുകൾക്ക് ബസുകൾ വാങ്ങാൻ ഭരണാനുമതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എൻ.എ ഖാദർ<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ് | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) എം.എൽ.എ ഫണ്ട് ഉപയോഗിച്ച് സ്കൂളുകൾക്ക് ബസുകൾ വാങ്ങാൻ വളരെ മുമ്പുതന്നെ ഭരണാനുമതി ലഭിച്ചിട്ടും ഈ അദ്ധ്യയനവർഷം ആരംഭിച്ചപ്പോൾ സ്കൂൾ ബസുകൾ വാങ്ങി നൽകാനാവാത്തത് എന്തുകൊണ്ടാണ്; വിശദമാക്കുമോ; | (എ) 2017-18 സാമ്പത്തിക വർഷം മുതൽ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ ഭരണാനുമതി നൽകുന്നതും മേൽനോട്ടം വഹിക്കുന്നതും ബന്ധപ്പെട്ട ജില്ലാ കളക്ടർമാരാണ്. സ്കൂൾ ബസ് വാങ്ങുന്നതിനുള്ള ഭരണാനുമതിക്കായി പ്രൊപ്പോസൽ സമർപ്പിക്കേണ്ടത് ബന്ധപ്പെട്ട വിദ്യാഭ്യാസ ഡയറക്ടറാണ്. പ്രസ്തുത ഭരണാനുമതി ഉത്തരവ് പ്രകാരം പദ്ധതി നടപ്പിലാക്കേണ്ടത് നിലവിലെ സ്റ്റോർ പർച്ചേസ് നിയമങ്ങൾ പാലിച്ച്, ഇ-ടെൻഡർ മുഖേനയാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇ-ടെൻഡർ നടപടി സ്വീകരിക്കുന്നതിനാൽ എം.എൽ.എ ഫണ്ട് ഉപയോഗിച്ച് ബന്ധപ്പെട്ട സ്കൂളുകൾക്ക് ബസുകൾ വാങ്ങുന്നതിന് കൂടുതൽ സമയം ആവശ്യമായി വരുന്നുണ്ട്. |

| | | |
|---|---|---|
| (ബി) സ്കൂൾ ബസുകൾ വാങ്ങുന്നതിലെ നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർമാരെ ചുമതലപ്പെടുത്തിയിട്ടും പഴയതുപോലെ പൊതുവിദ്യാഭ്യാസ ഡയറക്ടർ നടപടിക്രമങ്ങൾ സ്വീകരിച്ചതിനാലാണ് സ്കൂൾ ബസുകൾ വാങ്ങുന്നതിൽ കാലതാമസം ഉണ്ടായത് എന്നത് പരിശോധിച്ചിട്ടുണ്ടോ;<br><br>(സി) മുമ്പ് ചെയ്തിരുന്ന പോലെ എം.എൽ.എ.ഫണ്ടും ബാക്കിത്തുകയും കണ്ടെത്തി പി.ടി.എ.കമ്മിറ്റികൾക്ക് തന്നെ ബസുകൾ നേരിട്ട് വാങ്ങുന്നതിന് അനുമതി നൽകുമോ? | (ബി) & (സി) | പരിശോധിച്ചുവരുന്നു. |

Namitha P

സെക്ഷൻ ഓഫീസർ